(ബി) പ്രസ്തുത പദ്ധതികളുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി എന്നേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നബാർഡ് ധനസഹായത്തോടുകൂടി നടപ്പിലാക്കുന്ന മുപ്പൈനാട്, മേപ്പടി, വൈത്തിരി എന്നീ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി ഒന്നാംഘട്ടം, സുൽത്താൻ ബത്തേരി, നൂൽപ്പുഴ, മുട്ടിൽ എന്നീ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്ര ശുദ്ധജലവിതരണ പദ്ധതി ഒന്നാംഘട്ടം എന്നീ പദ്ധതികളുടെ പൊതുഘടകമായ കിണറിന്റെ പ്രവൃത്തി ത്വരിതഗതിയിൽ നടന്നുവരുന്നു. മറ്റൊരു പൊതുഘടകമായ 29 എം.എൽ.ഡി. ശുദ്ധീകരണശാലയുടെ പ്രവൃത്തി ടെണ്ടർ ചെയ്തെങ്കിലും ഉയർന്ന നിരക്ക് ക്വാട്ട് ചെയ്തതിനാൽ റദ്ദാക്കുകയും വീണ്ടും ടെണ്ടർ വിളിക്കാനുള്ള നടപടികൾ നടന്നു വരികയും ചെയ്യുന്നു. പൈപ്പ്ലൈൻ സ്ഥാപിക്കൽ, ജലസംഭരണി നിർമ്മിക്കൽ എന്നിവയുടെ പ്രവൃത്തി ടെണ്ടർ ചെയ്യേണ്ടതുണ്ട്.

(ബി) പ്രസ്തുത പദ്ധതികൾക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാണ്.

(സി) മേൽ പറഞ്ഞ പദ്ധതികളുടെ ഒന്നാം ഘട്ടം 31-12-2016-ൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

ചേർത്തല താലൂക്കിലെ മറവൻതുരുത്തിലെ പൈപ്പ് പൊട്ടൽ

217 (925) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായി ചേർത്തല താലൂക്കിലെ മറവൻതുരുത്തിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ളതും നിരന്തരം പൊട്ടി ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നതുമായ 4 കിലോമീറ്റർ ഭാഗം വരുന്ന ജി.ആർ.പി. പൈപ്പ് മാറ്റി സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏതു ഘട്ടം വരെയായി എന്നു അറിയിക്കുമോ; പൈപ്പ് പൊട്ടുന്ന സാഹചര്യം എത്ര ദിവസങ്ങൾക്കകം ശാശ്വതമായി പരിഹരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ശുദ്ധജലം ലഭിക്കുന്നതിന് വൻതുക മുടക്കി കണക്ഷനെടുക്കുകയും അഡ്വാൻസായി ഫീസടച്ച് കടിവെള്ളത്തിന് കാത്തിരിക്കുകയും ചെയ്യുന്ന ഗുണഭോക്താക്കൾക്ക് ഉണ്ടാകുന്ന നഷ്ടം പരിഹരിക്കാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പഞ്ചായത്തിന്റെ ആവശ്യപ്രകാരം നദിക്കരയിലൂടെ പുതിയ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം വാട്ടർ അതോറിറ്റിക്ക് 60 ദിവസത്തിനുള്ളിൽ അഡ്വാൻസായി കൈമാറുന്നതിന് 20-10-2014-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ തീരുമാനം എടുത്തിരുന്നു. പൈപ്പ് പൊട്ടുന്ന സാഹചര്യം ശാശ്വതമായി പരിഹരിക്കുന്നതിന് ഇപ്രകാരം പഞ്ചായത്ത് സ്ഥലം കൈമാറിയശേഷം നാല് മാസത്തിനകം സാദ്ധ്യമാകുന്നതാണ്.

(ബി) ഈ വിധത്തിൽ ആരുംതന്നെ കാത്തിരിക്കുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. പദ്ധതി കമ്മീഷൻ ചെയ്യുന്നതിനുമുമ്പ് ഹൗസ് കണക്ഷനുവേണ്ട പൈപ്പിന്റെ നീളം കണക്കാക്കി അഡ്വാൻസായി 250 രൂപ /500 രൂപ നിരക്കിൽ മാത്രമാണ് വാട്ടർ അതോറിറ്റി അപേക്ഷ സ്വീകരിച്ചിരുന്നത്. അത്തരത്തിലുള്ള അപേക്ഷകർക്ക് അവർ അപേക്ഷിക്കുന്നതനുസരിച്ച് സാധ്യമായിടത്തെല്ലാം കണക്ഷൻ നൽകിയിട്ടുണ്ട്. അതിനാൽ നഷ്ടപരിഹാരത്തിന്റെ പ്രശ്നം ഉദിക്കുന്നില്ല. കൂടാതെ ഉപയോഗിക്കുന്ന വെള്ളത്തിന്റെ അളവ് അനുസരിച്ചാണ് ഉപഭോക്താക്കളിൽ നിന്നും ചാർജ്ജ് ഈടാക്കുന്നത്.

ജലസമ്പാദ്യ പദ്ധതി

218 (926) ശ്രീ. ലൂഡി ലൂയിസ് :

ശ്രീ. എം. പി. വിൻസെന്റ് :

ശ്രീ. ഷാഫി പറമ്പിൽ :

ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലസമ്പാദ്യ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതിയിലൂടെ കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്നു വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly